## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.117 12.06.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുടെ പ്രവർത്തനം

*ചോദ്യം*

ശ്രീ.എസ്.ശർമ്മ
ശ്രീ.എ.കെ.ബാലൻ
ഡോ.കെ.ടി.ജലീൽ
ശ്രീമതി.പി.അയിഷാ പോറ്റി

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ, മിക്ക സർവ്വകലാശാലകളും രൂക്ഷമായ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, | (എ) | ഉണ്ട്. സർവകലാശാലകൾ രൂക്ഷമായ പ്രതിസന്ധികൾ നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | സർവ്വകലാശാല വൈസ് - ചാൻസലർമാരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തരമായ ആക്ഷേപം ഉയർന്നു വന്നിട്ടുണ്ടോ, ഏതെല്ലാം വൈസ് ചാൻസലർമാർക്കെതിരെ കോടതി വിമർശനം ഉണ്ടായിട്ടുണ്ട്, ഇതിനാധാരമായ കാരണങ്ങൾ വിശദമാക്കാമോ, | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർവകലാശാല വൈസ് ചാൻസലർമാർക്കെതിരെയുള്ള കോടതി പരാമർശങ്ങളുടെ ഔദ്യോഗിക അറിയിപ്പുകൾ ഒന്നും തന്നെ സർക്കാരിന് ലഭിക്കുകയുണ്ടായിട്ടില്ല. |
| (സി) | മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുന്നതിനിടയായ സാഹചര്യം വ്യക്തമാക്കാമോ, | (സി) | മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിനായി സമർപ്പിക്കപ്പെട്ട ബയോഡാറ്റയിൽ സെർച്ച് കമ്മിറ്റിയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള വിവരങ്ങൾ നൽകിയതിനാലാണ് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്തത്. |
| (ഡി) | മഹാത്മാ ഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലറുടെ പേര് നിർദ്ദേശിക്കപ്പെട്ട സമിതിയിൽ | (ഡി) | മഹാത്മാ ഗാന്ധി സർവ്വകലാശാലാ വൈസ് ചാൻസലറുടെ പേര് നിർദ്ദേശിക്കപ്പെട്ട സമിതിയിൽ |

| | | | |
|---|---|---|---|
| | യു.ജി.സി പ്രതിനിധി ഉണ്ടായിരുന്നോ, നിയമനത്തിൽ അവരുടെ അഭിപ്രായം എന്തായിരുന്നു, മറ്റ് പ്രതിനിധികൾ ആരൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ, | | യു.ജി.സി പ്രതിനിധി ഉണ്ടായിരുന്നു. ഐ.ഐ.റ്റി കാൻപൂർ ചെയർമാൻ പ്രൊഫ.എം.അനന്തകൃഷ്ണൻ ആയിരുന്നു യു.ജി.സി പ്രതിനിധി. വൈസ് ചാൻസലർ ലിസ്റ്റ് സംബന്ധിച്ച് യു.ജി.സി പ്രതിനിധി പ്രത്യേക ലിസ്റ്റ് നല്കിയിരുന്നു. അന്നത്തെ കേരള സർക്കാർ ചീഫ് സെക്രട്ടറി ശ്രീ.ജോസ് സിറിയക്, പ്രൊഫ.സതീഷ് കൊച്ചുപറമ്പിൽ എന്നിവരായിരുന്നു മറ്റ് പ്രതിനിധികൾ. |
| (ഇ) | ചട്ടം അനുശാസിക്കുന്ന യോഗ്യതകൾ ഇല്ലാത്ത വ്യക്തി വൈസ് ചാൻസലർ പോലുള്ള ഉന്നത പദവിയിൽ നിയമിക്കപ്പെടാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ? | (ഇ) | കേരളത്തിലെ സർവകലാശാലകളിലെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും ഒന്നും തന്നെ വൈസ് ചാൻസലറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത സംബന്ധിച്ച് ഒരു ചട്ടവും നിലവിലില്ല. യു.ജി.സി പുറപ്പെടുവിക്കുന്ന റെഗുലേഷൻസ് ശുപാർശ സ്വഭാവത്തോടുകൂടിയായതിനാൽ തദനുസൃതമായ മാറ്റങ്ങൾ യൂണിവേഴ്സിറ്റി നിയമങ്ങളിൽ വരുത്തേണ്ടതുണ്ട്. ആയത് ഇല്ലാത്തതിനാൽ നിലവിലെ സർവ്വകലാശാല നിയമങ്ങൾ പ്രകാരം വൈസ് ചാൻസലർമാരെ നിയമിക്കേണ്ടി വരുന്നു. സർവകലാശാലകൾ സ്വയം ഭരണ സ്ഥാപനങ്ങളാണ്. അതാത് സർവകലാശാല ആക്ടുകൾക്കും സ്റ്റാറ്റ്യൂട്ടുകൾക്കും വിധേയമായാണ് സർവകലാശാലകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ